SSE 49

# SECOND YEAR HIGHER SECONDARY SECOND TERMINAL EVALUATION, DECEMBER 2018

## Part – III

## ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.*
- *You are not allowed to write your answers nor to discuss anything with others during the 'cool off time'.*
- *Use the 'Cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering..*
- *All questions are compulsory and only internal choice is allowed.*
- *When you select a question, all the sub-questions must be answered from the same question itself.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട 2½ മണിക്കൂർ സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## PART – A
## ACCOUNTING (40 Score)

Score

**I. Answer all questions from 1 to 5.**
**Each carries one score. (5×1=5)**

1. Which one of the following is not prepared by a not-for-profit organisation ?
   a) Income and Expenditure a/c
   b) Profit and Loss a/c
   c) Receipts and Payments a/c
   d) Balance Sheet

2. In the absence of relevant provision in Partnership Deed, partners are eligible to get
   a) Interest on loan
   b) Interest on capital
   c) Salary or commission
   d) All of these

3. When unrecorded creditors brought into books at the time of reconstitution of a firm, it results in
   a) Profit
   b) Loss
   c) Gain
   d) Income

4. At the time of admission of a partner, goodwill already exists in books should be written off by debiting _________ Account.

Score

**I. 1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (5×1=5)**

1. ലാഭേച്ഛയില്ലാത്ത സ്ഥാപനം തയ്യാറാക്കാത്തത് ഏത് ?
   a) വരവ് – ചെലവ് അക്കൗണ്ട്
   b) ലാഭ – നഷ്ട അക്കൗണ്ട്
   c) പണം സ്വീകരിക്കൽ-നൽകൽ അക്കൗണ്ട്
   d) ബാലൻസ് ഷീറ്റ്

2. പങ്കാളിത്ത കരാറിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും പങ്കാളികൾക്ക് ലഭിക്കുവാൻ അർഹതയുള്ളത് ഏത് ?
   a) വായ്പയുടെ പലിശ
   b) മൂലധനത്തിന്റെ പലിശ
   c) ശമ്പളം/കമ്മീഷൻ
   d) ഇവയെല്ലാം

3. ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ പുനസംഘടനാ സമയത്ത് കണക്കിൽ രേഖപ്പെടുത്താനുള്ള ക്രെഡിറ്റേഴ്സിനെ കണക്കിലെടുത്താൽ പരിണിത ഫലം എന്ത് ?
   a) ലാഭം
   b) നഷ്ടം
   c) നേട്ടം
   d) വരുമാനം

4. പുതിയ പങ്കാളിയുടെ പ്രവേശന സമയത്ത് ബുക്കിൽ നിലനില്ക്കുന്ന ഗുഡ്‌വിൽ തുക ഒഴിവാക്കുമ്പോൾ ഡെബിറ്റ് ചെയ്യേണ്ട അക്കൗണ്ട് ഏത് ?

Score

5. A, B and C are partners sharing profits in the ratio of 2:2:1 'B' retired from business and his share was purchased equally by A and C. Then, the new profit sharing ratio will be ________

**II. Answer any 6 questions from 6 to 12. Each carries 2 score. (6×2=12)**

6. Show the amount of Tournament Fund in the Balance Sheet of a sports club-

   Tournament fund at the beginning of the year Rs. 20,000, Donations for tournament Rs. 80,000, Tournament expenses Rs. 75,000

7. State the average period considered for calculating the interest on Drawings of partners in the following cases :

   a) Fixed amount is withdrawn at the end of each quarter.

   b) Fixed amount is withdrawn at the beginning of each month.

8. State the two major rights obtained by a new partner at the time of his admission to the firm.

9. A and B are equal partners in a firm, they decided to admit C as a new partner for 1/3 share of profits. He brought in Rs. 50,000 as capital and not in a position to contribute his share of goodwill in cash. Firm's goodwill is valued at Rs. 60,000. Pass necessary journal entries on admission of the new partner.

Score

5. എ, ബി, സി എന്നിവർ 2:2:1 ലാഭ അനുപാതത്തിൽ ബിസിനസ്സ് പങ്കാളികളാണ്. 'ബി' വിരമിക്കുമ്പോൾ അയാളുടെ ഓഹരി 'എ' യും 'സി' യും തുല്യമായി പങ്കിട്ടെടുക്കുന്നു. 'ബി' എന്ന പങ്കാളിയുടെ വിരമിക്കലിനു ശേഷമുള്ള പുതിയ ലാഭ അനുപാതം ഏത് ?

**II. 6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം. (6×2=12)**

6. സ്പോർട്സ് ക്ലബിന്റെ ബാക്കിപത്രത്തിൽ ടൂർണമെന്റ് ഫണ്ട് ഉൾപ്പെടുത്തുന്നത് കാണിക്കുക.

   വർഷാരംഭ ടൂർണമെന്റ് ഫണ്ട് 20,000 രൂപ, ടൂർണമെന്റ് സംഭാവന ലഭിച്ചത് 80,000 രൂപ, ടൂർണമെന്റ് ചെലവുകൾ 75,000 രൂപ.

7. താഴെ പറഞ്ഞിട്ടുള്ള സാഹചര്യങ്ങളിൽ പങ്കാളികൾ പിൻവലിക്കുന്ന തുകയുടെ പലിശ കണക്കാക്കുന്നതിനുള്ള ശരാശരി കാലയളവ് എത്രയെന്ന് എഴുതുക.

   a) നിശ്ചിത തുക ഓരോ ത്രൈമാസത്തിന്റെയും അവസാനം പിൻവലിക്കണം.

   b) നിശ്ചിത തുക ഓരോ മാസത്തിന്റെയും ആരംഭത്തിൽ പിൻവലിക്കുന്നു.

8. പുതിയ പങ്കാളിക്ക് സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന പ്രധാനപ്പെട്ട രണ്ട് അവകാശങ്ങൾ ഏതെല്ലാം ?

9. എ, ബി എന്നിവർ തുല്യ പങ്കാളികളായ ബിസിനസ്സിൽ 'സി' എന്ന പുതിയ പങ്കാളിയെ 1/3 ലാഭ വിഹിതം നൽകാമെന്ന വ്യവസ്ഥയിൽ ഉൾപ്പെടുത്തുന്നു 'സി' മൂലധനമായി 50,000 രൂപ കൊണ്ടുവരുന്നു. ഗുഡ്‌വിൽ ഓഹരി പണമായി കൊണ്ടുവരാത്ത സാഹചര്യത്തിൽ,ബിസിനസിന്റെ ഗുഡ്‌വിൽ ഓഹരി വില 60,000 രൂപയായി നിശ്ചയിച്ചിരിക്കെ പുതിയ പങ്കാളിയുടെ പ്രവേശനവുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

Score

10. Suma and Sulu are partners in a firm sharing profits and losses in the ratio 2:1. They admitted 'Sona' into the partnership and decided to give him 1/3rd share of the future profits. Find the new profit sharing ratio of the partners.

11. List out any four items to be credited to that capital account of a retiring partner.

12. A, B and C are equal partners, 'B' retires and on that date the Balance Sheet shows a debit balance of Rs. 30,000 in Profit and Loss a/c. Give the journal entry for its adjustment.

**III. Answer any 2 questions from 13 to 15. Each carries 3 scores. (2×3=6)**

13. Arun and Babu are partners in a firm. Their capitals as on 1/4/2017 were Rs. 60,000 and Rs. 40,000 respectively. The partnership deed provides for interest on capital of 10% per annum. Pass journal entries for adjusting the interest on capital in the books of the firm on 31/3/2018.

14. A business has earned average profits of Rs. 20,000 during the last few years. The normal rate of return of firms in the same line business is 10%. The value of net assets of the business is Rs. 1,64,000. Calculate the value of goodwill of the firm under capitalization method.

Score

10. സുമ, സുലു എന്നിവർ 2:1 ലാഭ അനുപാതത്തിൽ പങ്കാളികളായ ബിസിനസ്സിൽ 1/3 ലാഭവിഹിതം നൽകാമെന്ന വ്യവസ്ഥയിൽ സോണയെ പുതിയ പങ്കാളിയായി നിയമിക്കുന്നു. പങ്കാളിയുടെ പ്രവേശന ശേഷമുള്ള പുതിയ ലാഭ അനുപാതം കണ്ടുപിടിക്കുക.

11. വിരമിക്കുന്ന പങ്കാളിയുടെ മൂലധന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട നാല് ഇനങ്ങൾ എഴുതുക.

12. എ, ബി, സി എന്നിവർ തുല്യ ബിസിനസ്സ് പങ്കാളികളാണ് . 'ബി' വിരമിക്കുന്ന സമയത്ത് ബാലൻസ് ഷീറ്റിലുള്ള ലാഭ-നഷ്ട കണക്കിന്റെ ഡെബിറ്റ് ബാലൻസ് 30,000 രൂപയാണ്. ഇതിന്റെ നീക്കുപോക്ക് ജേർണൽ എൻട്രി എഴുതുക.

**III. 13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (2×3=6)**

13. അരുൺ. ബാബു എന്നിവർ ബിസിനസ്സ് പങ്കാളികളാണ്. 1/4/2017 നുള്ള ഇവരുടെ മൂലധന തുക 60,000, 40,000 എന്നീ ക്രമത്തിലാണ്. പങ്കാളിത്ത കരാറിൽ 10% നിരക്കിൽ മൂലധന പലിശ നൽകാൻ പറയുന്നുണ്ട്. 31/3/2018 നുള്ള മൂലധന പലിശയുമായി ബന്ധപ്പെട്ട ജേർണൽ എൻട്രികൾ എഴുതുക.

14. ഒരു ബിസിനസ്സിന്റെ കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ ശരാശരി ലാഭം 20,000 രൂപയാണ്. ഇതേ പോലുള്ള മറ്റ് ബിസിനസ്സ് സ്ഥാപനങ്ങൾക്ക് ബാധകമായ ലാഭ നിരക്ക് 10% മാണ്. ഈ ബിസിനസ്സിന്റെ ആസ്തി മൂല്യം 1,64,000 രൂപയാണ്. മൂലധനവത്ക്കരണ രീതിയിൽ ഗുഡ്‌വിൽ മൂല്യനിർണ്ണയം ചെയ്യുക.

Score

15. A, B and C are partners sharing profits and losses in the ratio of 2:1:1 respectively. 'A' retires from the firm on 1st April 2017. On retirement, his capital account shows a credit balance of Rs. 95,000 after the necessary adjustments made. Give journal entries, if

a) The amount due is paid off immediately.

b) When the amount due is not paid immediately.

c) Rs. 35,000 is paid and the balance in future.

**IV. Answer the question 16 which carries 4 scores. (1×4=4)**

16. Amal and Biju are partners in a firm in the ratio of 2:1. They admitted Cijo and the new profit sharing ratio is agreed as 3:2:1. At that time goodwill of the firm is valued at Rs. 1,20,000.

a) Calculate the sacrificing ratio of the old partners.

b) Calculate the share of goodwill to be brought in by Cijo on his admission.

c) Pass the journal entry for sharing the amount of goodwill among the sacrificing partners.

Score

15. എ, ബി, സി എന്നിവർ 2:1:1 അനുപാതത്തിൽ പങ്കാളികളാണ്. ഏപ്രിൽ 1, 2017 ന് 'എ' എന്ന പങ്കാളി ബിസിനസ്സിൽ നിന്നും വിരമിക്കുന്നു. ഈ സമയത്ത് അയാളുടെ മൂലധന അക്കൗണ്ടിൽ എല്ലാ നീക്കുപോക്കുകൾക്കും ശേഷം 95,000 രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. പ്രസ്തുത തുക കൊടുത്തുവീട്ടുന്ന വ്യത്യസ്ത സാഹചര്യങ്ങളിലെ ജേർണൽ എൻട്രികൾ എഴുതുക.

a) തുക പൂർണ്ണമായും ഉടനടി നൽകുന്നു.

b) തുക പിന്നീട് നൽകാൻ തീരുമാനിക്കുന്നു.

c) 35,000 രൂപ മാത്രം ഉടനടിയും ബാക്കി പിന്നീടും നൽകുന്നു.

**IV. 16 -ാം ചോദ്യത്തിന് ഉത്തരമെഴുതുക. 4 സ്കോർ. (1×4=4)**

16. അമൽ, ബിജു എന്നിവർ 2:1 ലാഭ അനുപാതത്തിൽ ബിസിനസ്സ് പങ്കാളികളാണ്. സിജോയെ പുതിയ പങ്കാളിയായി ഉൾപ്പെടുത്തിയതിന് ശേഷമുള്ള ലാഭ അനുപാതം 3:2:1 ആണ്. ഈ സമയത്തുള്ള സ്ഥാപനത്തിന്റെ ഗുഡ്‌വിൽ മൂല്യം 1,20,000 രൂപയാണ്.

a) പഴയ പങ്കാളികളുടെ ത്യാഗ അനുപാതം കണ്ടുപിടിക്കുക.

b) സിജോ കൊണ്ടുവരേണ്ട ഗുഡ്‌വിൽ ഓഹരിയുടെ തുക എത്ര ?

c) പണമായി കൊണ്ടു വരുന്ന ഗുഡ്‌വിൽ തുക ത്യാഗപങ്കാളികൾക്ക് നൽകുന്നതിനുള്ള ജേർണൽ എൻട്രി എഴുതുക.

Score

**V. Answer the question 17 which carries 5 scores.** **(1×5=5)**

17. A, B and C are partners in a firm 'B' died on 1st April 2014. On the date of his death, after making all adjustments, Rs. 80,000 were due to him from the firm. It was agreed with the executors that the payment will be done in '4' equal yearly instalments together with interest @10% p.a. on the unpaid balance. Prepare the Executor's Loan Account for these four years.

**VI. Answer any one question from 18 and 19, carries 8 scores.** **(1×8=8)**

18. Sanju and Manju are partners. They share profits and losses in the ratio of 3:2. Their financial position as on 31st March 2018 is as follows :

Scor

**V. 17-ാം ചോദ്യത്തിന് ഉത്തരമെഴുതുക.**

**5 സ്കോർ.** **(1×5=**

17. എ, ബി, സി എന്നിവർ ബിസിനസ്സ് പങ്കാളികളാണ്. ഏപ്രിൽ 1, 2014 ന് 'ബി' മരണപ്പെട്ടു. മരണ തീയതിയിൽ, ആവശ്യമായ നീക്കുപോക്കുകൾക്കു ശേഷം 80,000 രൂപ അയാൾക്ക് സ്ഥാപനത്തിൽ നിന്നും നൽകാനുണ്ട്. ഈ തുക നാല് തുല്യ വാർഷിക തവണകളായി, നീക്കി ബാക്കി തുകയ്ക്ക് 10% നിരക്കിൽ പലിശ സഹിതം തിരിച്ചു നൽകാൻ അനന്തര അവകാശികളുമായി ധാരണയാകുന്നു. പ്രസ്തുത നാലു വർഷങ്ങളിലെ എക്സിക്യൂട്ടേഴ്സ് ലോൺ അക്കൗണ്ട് തയ്യാറാക്കുക.

**VI. 18 ,19 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതുക. 8 സ്കോർ.** **(1×8=8**

18. സഞ്ചു, മഞ്ചു എന്നിവർ 3:2 ലാഭ അനുപാതത്തിൽ പങ്കാളികളായ ബിസിനസ്സിന്റെ 31/3/2018 ലെ സാമ്പത്തിക സ്ഥിതി താഴെ നൽകിയിരിക്കുന്നു.

| Assets (ആസ്തികൾ) | Rs. | Liabilities (ബാധ്യതകൾ) | | Rs. |
|---|---|---|---|---|
| Cash (ക്യാഷ്) | 5,000 | Creditors (ക്രെഡിറ്റേഴ്സ്) | | 50,000 |
| Debtors (ഡെബ്റ്റേഴ്സ്) | 60,000 | Bills payable (ബിൽസ് പെയബിൾ) | | 20,000 |
| Stock (സ്റ്റോക്ക്) | 30,000 | General Reserve (ജനറൽ റിസർവ്വ്) | | 40,000 |
| Machinery (മെഷിനറി) | 35,000 | Capitals : (ക്യാപിറ്റൽസ്) | | |
| Buildings (ബിൽഡിംഗ്സ്) | 1,00,000 | Sanju (സഞ്ചു) | 80,000 | |
| | | Manju (മഞ്ചു) | 40,000 | 1,20,000 |
| | **2,30,000** | | | **2,30,000** |

**Score**

On 1st April 2018, they agreed to admit Ranjith into the firm for 1/5th share of future profits on the following terms :

a) Building is revalued at Rs. 1,10,000

b) Stock is revalued at Rs. 25,000

c) Provision for bad debts is made at 5% of debtors

d) Ranjith bring in Capital of Rs. 50,000 and goodwill premium Rs. 40,000.

Prepare Revaluation account, Capital Accounts and Balance Sheet of the reconstituted firm.

19. Sunny, Raju and Babu are partners in a hotel business. Babu decided to retire from the firm, as he got appointment as a college lecturer. Explain to them the major accounting adjustments that may required at the time of Babu's retirement.

**Score**

2018 ഏപ്രിൽ 1 ന് രഞ്ജിത്തിനെ 1/5 ലാഭ വീതം നൽകി പുതിയ ബിസിനസ്സ് പങ്കാളിയായി, താഴെ പറയുന്ന വ്യവസ്ഥകളോടെ, ഉൾപ്പെടുത്തുന്നു.

a) ബിൽഡിംഗ്സിനുള്ള പുതുക്കിയ വില 1,10,000 രൂപയാണ്

b) സ്റ്റോക്കിന്റെ പുതുക്കിയ വില 25,000 രൂപയാണ്

c) സംശയാസ്പദ കടത്തിനായുള്ള കരുതലായി, ഡെബ്റ്റേഴ്സിന്റെ 5% മാറ്റി വെയ്ക്കണം

d) രഞ്ജിത്ത് 50,000 രൂപ മൂലധനമായും ഗുഡ്‌വിൽ തുകയായി 40,000 രൂപയും കൊണ്ടു വരണം

പുതിയ പങ്കാളിയുടെ പ്രവേശനവുമായി ബന്ധപ്പെട്ട് പുനർമൂല്യനിർണ്ണയ അക്കൗണ്ട്, മൂലധന അക്കൗണ്ടുകൾ, പുതിയ ബാക്കി പത്രം എന്നിവ തയ്യാറാക്കുക.

19. സണ്ണിയും രാജുവും ബാബുവും ഹോട്ടൽ ബിസിനസിൽ പങ്കാളികളാണ്. കോളേജധ്യാപകനായി ജോലി ലഭിച്ച ബാബു ബിസിനസ്സിൽ നിന്നും പിൻതിരിയാൻ തീരുമാനിച്ചു. ബാബുവിന്റെ വിരമിക്കൽ സമയത്ത് ആവശ്യമായി വരുന്ന പ്രധാന അക്കൗണ്ടിംഗ് അഡ്ജസ്റ്റുമെന്റുകളെക്കുറിച്ച് വിശദീകരിക്കുക

PART – B

## ANALYSIS OF FINANCIAL STATEMENTS (40 Score)

**Score**

**VII. Answer all questions from1 to 5. Each carries one score.** **(5×1=5)**

1. Complete the series
   a) Equity shares – Dividend
   b) Debentures – ____?____

2. The statement which shows financial position of a company at the end of an accounting period is ____________.

3. Name any one item shown under the heading 'Reserves and Surplus' in the Balance Sheet of a Company.

4. Financial analysis is used by
   a) Management
   b) Financial advisers
   c) Security analysts
   d) All of these

5. ________ is a tool of financial analysis.
   a) Common size statement
   b) Trial Balance
   c) Balance Sheet
   d) Income Statement

**Scor**

**VII. 1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(5×1=**

1. പരമ്പര പൂർത്തിയാക്കുക.
   a) സാധാരണ ഓഹരികൾ – ലാഭ വിഹിത
   b) കടപ്പത്രങ്ങൾ – ____?____

2. ഒരു കമ്പനിയുടെ നിശ്ചിത അക്കൗണ്ടിംഗ് കാലയളവിലെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന രേഖ ഏത് ?

3. കമ്പനി ബാലൻസ് ഷീറ്റിൽ റിസർവ്വ് &സർപ്ലസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്ന ഒരു ഇനത്തിന്റെ പേര് എഴുതുക.

4. സാമ്പത്തിക വിശകലനത്തിന്റെ ഗുണഭോക്താക്കൾ ആര് ?
   a) മാനേജ്മെന്റ്
   b) സാമ്പത്തിക ഉപദേശകർ
   c) സെക്യൂരിറ്റി അനലിസ്റ്റുകൾ
   d) ഇവരെല്ലാം

5. സാമ്പത്തിക വിശകലനത്തിന് ഉപയോഗിക്കുന്ന ഉപാധി ഏത് ?
   a) കോമൺ സൈസ് സ്റ്റേറ്റ്മെന്റ്
   b) ട്രയൽ ബാലൻസ്
   c) ബാലൻസ് ഷീറ്റ്
   d) ഇൻകം സ്റ്റേറ്റ്മെന്റ്

Score

VIII. Answer any 6 questions from 6 to 12.
Each carries 2 scores. (6×2=12)

6. State any four purposes for which the credit balance of securities premium account can be utilised by a company.

7. Karunya Ltd. Redeemed 10,000, 10% debentures of Rs. 100 each at par, which were issued at par. Pass journal entries for the issue and redemption of debentures.

8. Name the sub-headings in which the following items appears in the Balance Sheet of a company
   a) Loose tools
   b) Unpaid dividend

9. List out the major headings on the Equity and Liabilities side of the Balance Sheet of a Company.

10. State the significance or importance of Financial Analysis to
    a) Management
    b) Creditors

11. State any two limitation of Financial Statement Analysis.

12. Financial analysis is undertaken by different parties outside the firm. List out any four such outside parties.

Score

VIII. 6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.
2 സ്കോർ വീതം. (6×2=12)

6. സെക്യൂരിറ്റി പ്രീമിയം തുക കമ്പനികൾക്ക് വിനിയോഗിക്കാൻ കഴിയുന്ന നാല് ആവശ്യങ്ങൾ എഴുതുക.

7. കാരുണ്യ ലിമിറ്റഡ് 10,000, 10% കടപ്പത്രങ്ങൾ മുഖവിലയായ 100 രൂപയ്ക്കു പുറപ്പെടുവിച്ച്, മുഖവിലയ്ക്കു തന്നെ തിരിച്ചടവ് നടത്തുന്നു.
കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്റെയും, തിരിച്ചടവ് നടത്തുന്നതിന്റെയും ജേർണൽ എൻട്രികൾ എഴുതുക.

8. നല്കിയിരിക്കുന്ന ഇനങ്ങൾ കമ്പനികളുടെ ബാലൻസ് ഷീറ്റിൽ ഏത് ഉപശീർഷകങ്ങളിലാണ് ഉൾപ്പെടുത്തേണ്ടത് ?
   a) ലൂസ് ടൂൾസ്
   b) കുടിശ്ശിക ലാഭ വിഹിതം

9. കമ്പനി ബാലൻസ് ഷീറ്റിൽ ബാധ്യതാ ഭാഗത്ത് ഉൾപ്പെടുത്തേണ്ട പ്രധാന ശീർഷകങ്ങൾ ഏതെല്ലാം ?

10. സാമ്പത്തിക വിശകലനം താഴെ പറയുന്നവർക്ക് എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് വിശദമാക്കുക.
    a) മാനേജ്മെന്റ്
    b) ക്രെഡിറ്റേഴ്സ്

11. സാമ്പത്തിക രേഖകളുടെ വിശകലനത്തിന്റെ രണ്ട് പരിമിതികൾ എഴുതുക.

12. സ്ഥാപനത്തിന് പുറമെയുള്ളവരും സാമ്പത്തിക രേഖകളുടെ വിശകലനം നടത്താറുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും നാല് കക്ഷികളുടെ പേര് എഴുതുക.

Score

**IX. Answer any 3 questions from 13 to 16, carries 3 score.** **(3×3=9)**

13. Aroma Ltd. purchased a building worth Rs. 1,80,000 for which equity shares Rs. 10 each issued at a discount of 10%. Give the journal entry for purchase of asset and issue of shares.

14. Show the following items in the Balance Sheet Sunflower Ltd. as on 31-3-2018

| | |
|---|---|
| General Reserve (Since 31/03/2017) | Rs. 8,00,000 |
| Statement of Profit and Loss (Dr.) for 2017-2018 | Rs. 3,00,000 |

15. Explain the procedure for calculating Trend Percentage.

16. From the following information, prepare a Common Size Income Statement, by showing the gross profit :

| Items | Rs. |
|---|---|
| Net sales | 25,00,000 |
| Cost of goods sold | 12,00,000 |

**X. Answer the question 17 which carries 6 scores.** **(1×6=6)**

17. Draw the format of statement of Profit and Loss of a Company as prescribed in Part II of Schedule III of the Companies Act, 2013

Score

**IX. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3×3=9)**

13. അരോമ ലിമിറ്റഡ് 1,80,000 രൂപയുടെ കെട്ടിടം വാങ്ങിയത് പ്രതിഫലമായി കമ്പനിയുടെ ഓഹരികൾ 10 രൂപ മുഖവിലയിൽ നിന്നും 10% കിഴിവിൽ നൽകുന്നു. കെട്ടിടങ്ങൾ വാങ്ങിയതിന്റെയും ഓഹരികൾ നല്കിയതിന്റെയും ജേർണൽ എൻട്രികൾ എഴുതുക.

14. 31-3-2018-ലെ സൺഫ്ലവർ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തുക.

| | |
|---|---|
| ജനറൽ റിസർവ്വ് (31/03/2017 മുതൽ) | Rs. 8,00,000 |
| 2017-2018 -ലെ ലാഭ നഷ്ട കണക്ക് (ഡെബിറ്റ്) | Rs. 3,00,000 |

15. പ്രവണതാ അനുപാതങ്ങൾ നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുക.

16. നൽകിയിരിക്കുന്ന വിശദാംശങ്ങളിൽ നിന്നും ആകെ ലാഭം കണ്ടെത്തി, ഒരു കോമൺ സൈസ് ഇൻകം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക.

| Items | Rs. |
|---|---|
| അറ്റവിറ്റുവരവ് – | 25,00,000 |
| വിറ്റ സാധനങ്ങളുടെ വ്യയം | – 12,00,000 |

**X. 17-ാം ചോദ്യത്തിന് ഉത്തരമെഴുതുക. 6 സ്കോർ.** **(1×6=6)**

17. കമ്പനി നിയമം 2013 പാർട്ട് II ഷെഡ്യൂൾ III ൽ പ്രതിപാദിക്കുന്ന രീതിയിൽ ലാഭ-നഷ്ട കണക്കിന്റെ സാമാന്യരൂപം തയ്യാറാക്കുക.

Score

**XI. Answer any one question from 18 and 19, carries 8 scores. (1×8=8)**

**XI. 18, 19 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തര മെഴുതുക. 8 സ്കോർ വീതം. (1×8=8)**

18. The Sales and expenses information of Omega Ltd. for years 2015-16 and 2016-17 are given below :

18. ഒമേഗാ ലിമിറ്റഡിന്റെ 2015-16, 2016-17 എന്നീ രണ്ട് വർഷത്തെ വിൽപന-ചെലവ് വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

| Items (ഇനം) | 2016-2017 | 2017-2018 |
|---|---|---|
| Sales revenue (അറ്റവിറ്റുവരവ്) | 6,00,000 | 8,00,000 |
| Cost of goods sold (വിറ്റ സാധനങ്ങളുടെ വ്യയം) | 3,00,000 | 6,00,000 |
| Indirect Expenses (പരോക്ഷ ചെലവുകൾ) | 1,80,000 | 90,000 |
| Income Tax (വരുമാന നികുതി) | 30% | 40% |

Prepare a Comparative Income Statement to assess the profitability of the company.

കമ്പനിയുടെ ലാഭക്ഷമതയെ വിലയിരുത്തുന്നതിനായി ഒരു കമ്പാരറ്റീവ് ഇൻകം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക.

19. Kamal Ltd. has an authorised capital of Rs. 50,00,000 divided into equity shares of Rs. 100 each. The company invited applications for 40,000 shares, but received applications for 36,000 shares.

All calls were made and duly received except for 500 shares, on which the final call of Rs. 20 was not received.

Show how share capital will appear in the Balance Sheet of the company. Also prepare 'Notes to Accounts' of this item.

19. കമൽ ലിമിറ്റഡിന്, 100 രൂപ മുഖവില സാധാരണ ഓഹരികൾ ഉൾപ്പെടുന്ന 50,00,000 രൂപയുടെ അംഗീകൃത മൂലധനമാണുള്ളത്. ഇതിൽ 40,000 ഓഹരികൾ കമ്പനി പൊതുജനങ്ങൾക്ക് വാഗ്ദാനം ചെയ്തുവെങ്കിലും 36,000 ഓഹരികൾക്കുള്ള അപേക്ഷയാണ് ലഭിച്ചത്.

ഓഹരികളുടെ മുഴുവൻ തുകയും കമ്പനി അടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 500 ഓഹരികളുടെ അവസാന കോൾ തുകയായ 20 രൂപ വീതം പിരിഞ്ഞു കിട്ടിയിട്ടില്ല.

കമ്പനിയുടെ ബാലൻസ് ഷീറ്റിൽ ഓഹരി മൂലധനം എങ്ങനെ ഉൾക്കൊള്ളിക്കുമെന്ന് കാണിക്കുക. ഈ ഇനത്തിന്റെ നോട്ട്സ് റ്റു അക്കൗണ്ട്സും തയ്യാറാക്കുക.